**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5144** **20-03-2025 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിൽ പ്രവർത്തിച്ചുവരുന്ന ചാരിറ്റബിൾ സൊസൈറ്റികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ പ്രവർത്തിച്ചുവരുന്ന ചാരിറ്റബിൾ സൊസൈറ്റികളായ ചാലക്കുടി സനാതനധർമ്മ ട്രസ്റ്റ്, പാലാരിവട്ടം നവജീവൻ ചാരിറ്റബിൾ ട്രസ്റ്റ്, അട്ടപ്പാടി ഫാംസ് ആൻഡ് ബ്രീഡേഴ്സ്, ഗംഗൽ ഫാംസ് ലിമിറ്റഡ്, ജാൻ ഫാംസ് ആൻഡ് ബ്രീഡേഴ്സ്, എ.ബി.ഐ. ഫാംസ്, കോട്ടത്തറ അഗ്രി ഫാമിങ് സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ എത്ര ഏക്കർ ഭൂമി ഏതെല്ലാം വില്ലേജുകളിൽ വാങ്ങിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | കഴിഞ്ഞ പത്ത് വർഷത്തെ റിക്കോർഡുകൾ തിരഞ്ഞു നോക്കിയതിൽ ഗംഗാൽ ഫാംസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പേരിൽ അഗളി സബ് രജിസ്ട്രാർ ഓഫീസിൽ 1402/2022 നമ്പർ ആധാര പ്രകാരം 3 ഹെക്ടർ 14 ആർസ് 86 ചതുരശ്ര മീറ്റർ വസ്തു വാങ്ങിയിട്ടുണ്ട്.<br><br>എ.ബി.ഐ ഫാംസ് എന്ന സ്ഥാപനത്തിന്റെ പേരിൽ ടി ഓഫീസിൽ 232/2022, 233/2022, 234/2022, 235/2022, 236/2022, 237/2022, 238/2022, 239/2022, 865/2022, 866/2022, 867/2022, 868/2022 എന്നീ ആധാരങ്ങൾ പ്രകാരം 21 ഹെക്ടർ 31 ആർസ് 70 ചതുരശ്ര മീറ്റർ വസ്തുക്കൾ വാങ്ങിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളുടെ പേരിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്ഥാവര വസ്തുക്കൾ വാങ്ങിയതായി കാണുന്നില്ല. |
| (ബി) | അവയിൽ ഏതെല്ലാം സൊസൈറ്റികൾ സ്ഥലം മറിച്ചുവിറ്റിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | അട്ടപ്പാടി ഫാംസ് ആന്റ് ബ്രീഡേഴ്സ് എന്ന സ്ഥാപനം അഗളി സബ് രജിസ്ട്രാർ ഓഫീസിൽ 226/2025, 85/2025 എന്നീ ആധാരങ്ങൾ പ്രകാരം 3 ഹെക്ടർ 5 ആർസ് 65 ചതുരശ്ര മീറ്റർ വസ്തു വിൽപ്പന നടത്തിയിട്ടുണ്ട്.<br><br>ഗംഗാൽ ഫാംസ് ലിമിറ്റഡ് എന്ന സ്ഥാപനം അഗളി സബ് രജിസ്ട്രാർ ഓഫീസ് മുഖേന 2184/2022, 2185/2022, 2186/2022, 2187/2022, 456/2023 എന്നീ ആധാരങ്ങൾ പ്രകാരം 2 ഹെക്ടർ 97 ആർസ് 13.38 ചതുരശ്ര മീറ്റർ വസ്തു വിൽപ്പന നടത്തിയിട്ടുണ്ട്.<br><br>ജാൻ ഫാംസ് ആൻഡ് ബ്രീഡേഴ്സ് എന്ന സ്ഥാപനം അഗളി സബ് രജിസ്ട്രാർ ഓഫീസ് മുഖേന 224/2025, 225/2025, 226/2025 എന്നീ ആധാരങ്ങൾ പ്രകാരം 3 ഹെക്ടർ 46 ആർസ് 41 ചതുരശ്ര മീറ്റർ വസ്തു വിൽപ്പന നടത്തിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | പേരിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്ഥാവര വസ്തുക്കൾ വിൽപ്പന നടത്തിയതായി കാണുന്നില്ല. |

സെക്ഷൻ ഓഫീസർ